# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 02 | 2019 |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### പുല്ലുമേട് കാനനപാതയിലൂടെ സന്നിധാനത്ത് എത്തിയത് 16568 തീർഥാടകർ

പുല്ലുമേട് കാനനപാതയിലൂടെ മണ്ഡല-മകരവിളക്ക് സീസണിൽ സന്നിധാനത്ത് ഇതുവരെ എത്തിയത് 16568 തീർഥാടകർ. വ ിപ്പെരിയാർ മേഖലയിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള തീർഥാടകരാണ് കൂടുതലായും സത്രം പുല്ലുമേട് വഴി ശബരിമലയിൽ എത്തുന്നത്. ജനുവരി ഒന്നിന് 647 തീർഥാടകർ ഈ വഴി സന്നിധാനത്തെത്തുകയും 137 പേർ തിരിച്ചുപോവുകയും ചെയ്തിട്ടു ്.

വന്യമൃഗ ഭീഷണിയുള്ളതിനാൽ സുരക്ഷ മുൻനിർത്തി രാവിലെ ഏഴ് മുതൽ ഉച്ച ര ു മണിവരെയാണ് പുല്ലുമേടുവഴി സന്നിധാനത്തേക്ക് വനംവകുപ്പ് അനുമതി നൽകുന്നത്. കാനനപാതയിൽ വന്യമൃഗങ്ങളില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ വനംവകുപ്പ് തീർഥാടകരെ കടത്തിവിടൂ. പുല്ലുമേട് പാതയിലെ നാല് ഇടങ്ങളിലായി വനംവകുപ്പ് സുരക്ഷാക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടു ്. ഇവിടങ്ങളിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. തീർഥാടകർക്കായി കുടിവെള്ളം ഉൾപ്പടെയുള്ള സൗകര്യങ്ങളും എർപ്പെടുത്തിയിട്ടു ്.

മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് പുല്ലുമേട് വഴിയുള്ള തീർഥാടകരുടെ എണ്ണം വർധിക്കാൻ സാധ്യതയുള്ളതിനാൽ കൂടുതൽ സുരക്ഷാ ക്രമീക

രണങ്ങൾ ഉറപ്പുവരുത്താനുള്ള തയ്യാറെടുപ്പിലാണ് വനംവകുപ്പ്.

(പി.ആർ. ശബരി-389)

## പമ്പയിലേക്ക് ജലം തുറന്നു വിടും; തീർഥാടകർ ജാഗ്രത പുലർത്തണം

പമ്പാ നദിയിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് കുള്ളാർ ഡാമിൽ നിന്നും ജനുവരി മൂന്നിന് 25,000 ക്യൂബിക് മീറ്റർ ജലം തുറന്നു വിടും. ശബരിമല തീർഥാടകരും പമ്പാ നദിയുടെ തീരത്ത് താമസിക്കുന്നവരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രത പാലിക്കണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു.

(പി.ആർ. ശബരി-390)

## പുകവലി: 27 പേർക്കെതിരെ കേസെടുത്തു

പൊതുസ്ഥലത്ത് പുകവലിച്ചതിന് പുകവലി നിരോധന നിയമപ്രകാരം സന്നിധാനത്തും നിലയ്ക്കലിലുമായി 27 പേർക്കെതിരെ എക്സൈസ് വകുപ്പ് കേസെടുത്തു. സന്നിധാനത്ത് 12 പേർക്കെതിരെയാണ് കേസെടുത്തത്. നിലയക്കലിൽ 15 പേർക്കെതിരെ കേസെടുക്കുകയും 10 പാക്കറ്റ് സിഗരറ്റ് പിടിച്ചെടുക്കുകയും ചെയ്തു.

(പി.ആർ. ശബരി-391)

## ഹോട്ടലിൽനിന്ന് പഴകിയ ആഹാരം പിടിച്ചെടുത്ത് നശിപ്പിച്ചു

ശബരിമലയിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് നേതൃത്വത്തിലുള്ള സ്ക്വാഡ് ശബരിമല സന്നിധാനം മുതൽ മരക്കൂട്ടം വരെയുള്ള വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടലുകളിലും പരിശോധന നടത്തി. മരക്കൂട്ടത്തെ ഹോട്ടലിൽ നിന്ന് പഴകിയ ആഹാരം പിടിച്ചെടുത്ത് നശിപ്പിച്ചു. അളവ് തൂക്കം നിയമ പ്രകാരം വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതിന് സന്നിധാനത്ത് ഒരു സ്റ്റീൽ പാത്രക്കടയ്ക്കും ഒരു പൂജ സ്റ്റോറിനും 1000 രൂപ വീതം പിഴ ചുമത്തി. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് നവീൻ ബാബുവിന്റെ നേതൃത്വത്തിലുള്ള പരിശോധന സംഘത്തിൽ ജൂനിയർ സൂപ്ര ˝ അജിത് ജോയ്, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ബാലു, ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ്

കുമാർ, റേഷനിംഗ് ഇൻസ്പെക്ടർ ഷാജൻ, സന്തോഷ് എന്നിവർ ഉ ായിരുന്നു.

(പി.ആർ. ശബരി-392)

## ശബരിമലയിൽ ഇന്ന് (03.01.19)

പുലർച്ചെ മൂന്നിന് നട തുറക്കൽ
3.05ന് നിർമാല്യം
3.15 മുതൽ ഉച്ച 12 വരെ നെയ്യഭിഷേകം
3.30ന് ഗണപതി ഹോമം
7.30ന് ഉഷപൂജ
എട്ടിന് അഷ്ടാഭിഷേകം
12.40ന് ഉച്ചപൂജ
ഒരുമണിക്ക് നട അടയ്ക്കും
വൈകീട്ട് മൂന്നിന് നടതുറക്കൽ
6.30ന് ദീപാരാധന
ഏഴിന് പുഷ്പാഭിഷേകം
രാത്രി 9.30ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11ന് നട അടയ്ക്കും


